വനം വകുപ്പുമന്ത്രിയെയും വനം വകുപ്പുദ്യോഗസ്ഥനെയും രാത്രിയിൽ ശാസ്തമംഗലം ജംഗ്ഷനിൽ തടഞ്ഞുവച്ച സംഭവം

38(243) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പുമന്ത്രിയെയും, വനം വകുപ്പുദ്യോഗസ്ഥനെയും, രാത്രിയിൽ ശാസ്തമംഗലം ജംഗ്ഷനിൽ ഒരു സംഘം ആളുകൾ തടഞ്ഞുവച്ച സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ : എങ്കിൽ അത് സംബന്ധിച്ച് കേസ്സെടുത്തിട്ടുണ്ടോ ;

(ബി) ഒരു മന്ത്രിയെ തടഞ്ഞുവച്ച സംഭവത്തിൽ സുരക്ഷാ പാളിച്ചയുണ്ടായിട്ടുണ്ടോ ; സ്പെഷ്യൽ ബ്രാഞ്ച് വിഭാഗം ഇക്കാര്യത്തിൽ എന്തെങ്കിലും റിപ്പോർട്ട് നല്കിയിട്ടുണ്ടോ :

(സി) തിരുവനന്തപുരം പട്ടണത്തിൽ ഒരു മന്ത്രിയുടെ സുരക്ഷ ഉറപ്പാക്കാനാവാതെ വന്ന സംഭവം ഗൗരവപൂർവം വീക്ഷിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മണൽ മാഫിയ സംഘങ്ങളുടെ ആക്രമണം

39(244) ശ്രീ. വർക്കല കഹാർ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മണൽമാഫിയ സംഘം നടത്തിയ ആക്രമണത്തിൽ പോലീസുകാർക്ക് പരിക്കേറ്റ എത്ര സംഭവങ്ങൾ കഴിഞ്ഞ ഒരു വർഷം ഉണ്ടായിട്ടുണ്ട് ;

(ബി) ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഇത്തരം കേസുകളിൽ ഇനിയും എത്ര പ്രതികളെയാണ് അറസ്റ്റ് ചെയ്യാനുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly